## പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.773 30.01.2019 -ലെ മറുപടിക്ക്**

**<u>പട്ടികജാതിയിൽപ്പെട്ട കർഷകത്തൊഴിലാളികൾക്ക് ഭൂമി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ .എ.നെല്ലിക്കുന്ന്** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഭൂരഹിതരായ പട്ടികജാതിയിൽ പ്പെട്ട കർഷകത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് കർഷകത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്നതിന് പട്ടികജാതി വികസന വകുപ്പ് നേരിട്ട് പദ്ധതികളൊന്നും നടപ്പിലാക്കി യിട്ടില്ല. എന്നാൽ പട്ടികജാതിയിൽപ്പെട്ട ഭൂരഹിതരായ കർഷക തൊഴിലാളികൾക്ക് കുറഞ്ഞത് 50 സെന്റ് കൃഷിഭൂമി വാങ്ങി അതിലൂടെ ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി 50,000 രൂപ സബ്സിഡിയോട് കൂടി, കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 3 ലക്ഷം രൂപ നൽകുന്ന കൃഷിഭൂമി വായ്പാ പദ്ധതി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കി യിരുന്നു. തുടർന്ന് പരമാവധി 10 സെന്റ് വരെ സ്വന്തമായി ഭൂമിയുള്ളവരെക്കൂടി ഉൾപ്പെടുത്തി കുറഞ്ഞത് 30 സെന്റ് കൃഷി ഭൂമി വാങ്ങി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിലേയ്ക്കായി, 50,000 രൂപ സബ്സിഡിയോട് കൂടി 5,00,000 രൂപ വരെ നൽകുന്ന പരിഷ്കരിച്ച പദ്ധതി ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുണ്ട്. പട്ടികജാതിയിൽ ഏറ്റവും പിന്നാക്കം നിൽക്കുന്ന ദുർബല വിഭാഗങ്ങളായ ചക്ലിയൻ/അരുന്ധതിയാർ, വേടൻ, കള്ളാടി, നായാടി വിഭാഗങ്ങൾക്ക് 25 സെന്റിൽ കുറയാത്ത കൃഷിഭൂമി വാങ്ങുന്നതിന് 10,00,000/- രൂപ അനുവദിക്കുന്ന ഒരു പദ്ധതി ദുർബല വിഭാഗ |

<table>
<tr><td></td><td></td><td></td><td>പുനരധിവാസ പദ്ധതിയിൻകീഴിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചു.<br>പട്ടിക വിഭാഗത്തിൽപ്പെട്ട ജനതയ്ക്ക് സ്വന്തമായുള്ള സ്ഥലത്ത് വീട് നിർമ്മിക്കുകയോ അഥവാ പുതിയ വീട് കരസ്ഥമാക്കുകയോ ചെയ്യുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഈ സർക്കാരിന്റെ കാലത്ത് ഞങ്ങളുടെ വീട് എന്ന പേരിൽ പുതിയ ഭവന വായ്പാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 10,00,000/- രൂപ വരെ അനുവദിക്കുന്നു.</td></tr>
<tr><td>(ബി)</td><td>ഈ പദ്ധതികൾക്കു വേണ്ടി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>ദുർബല വിഭാഗങ്ങൾക്കുള്ള കൃഷി ഭൂമി പദ്ധതിക്കായി പട്ടികജാതി വികസന വകുപ്പ് 2.5 കോടി രൂപയും കൃഷിഭൂമി വായ്പാ പദ്ധതിക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>ഈ പദ്ധതികൾ പ്രകാരം നടത്തിയ പ്രവൃത്തികളും ചെലവഴിച്ച തുകയും ജില്ല തിരിച്ച് വ്യക്തമാക്കാമോ?</td><td>(സി)</td><td>പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ കൃഷിഭൂമി വായ്പാ പദ്ധതി, ഭവന വായ്പാ പദ്ധതി എന്നിവയ്ക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ജില്ല</th><th>കൃഷിഭൂമി വായ്പാ പദ്ധതി<br>(തുക ലക്ഷത്തിൽ)</th><th>ഭവന വായ്പ</th></tr>
<tr><td>തിരുവനന്തപുരം</td><td>20.00</td><td>7.00</td></tr>
<tr><td>കോട്ടയം</td><td>30.00</td><td>10.00</td></tr>
<tr><td>കണ്ണൂർ</td><td>5.00</td><td>0.00</td></tr>
<tr><td>വയനാട്</td><td>0.00</td><td>10.00</td></tr>
<tr><td>ആകെ</td><td>55.00</td><td>27.00</td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ